**ഇന്ത്യയുടെ ഊർജ്ജ സ്രോതസ്സുമായി ബന്ധപ്പെട്ടുള്ള പരാമർശങ്ങളെക്കുറിച്ച് മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

ഒക്ടോബർ 16, 2025

**ഇന്ത്യയുടെ ഊർജ്ജ സ്രോതസ്സിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾക്ക് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ. രൺധീർ ജയ്സ്വാൾ പറഞ്ഞു**:

എണ്ണയും വാതകവും ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. അസ്ഥിരമായ ഊർജ്ജ സാഹചര്യത്തിൽ ഇന്ത്യയിലെ ഉപഭോക്താവിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് ഞങ്ങളുടെ സ്ഥിരമായ മുൻഗണന. ഞങ്ങളുടെ ഇറക്കുമതി നയങ്ങൾ പൂർണ്ണമായും ഈ ലക്ഷ്യത്താൽ നയിക്കപ്പെടുന്നു.

ഊർജ്ജ വിലയിലെ സ്ഥിരതയും സുരക്ഷിത വിതരണവും ഉറപ്പാക്കുക എന്നത് ഞങ്ങളുടെ ഊർജ്ജ നയത്തിന്റെ ഇരട്ട ലക്ഷ്യങ്ങളാണ്. ഇതിൽ ഊർജ്ജ സ്രോതസ്സുകൾ വിപണി ആവശ്യകതകൾ നിറവേറ്റുന്നതിന് അനുയോജ്യമായ രീതിയിൽ വ്യാപകമാക്കുന്നതും അവയെ വൈവിധ്യവൽക്കരിക്കുന്നതും ഉൾപ്പെടുന്നു.

യുഎസ്-നെ സംബന്ധിച്ചിടത്തോളം, വർഷങ്ങളായി ഞങ്ങളുടെ ഊർജ്ജ സംഭരണം വിപുലീകരിക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദശകത്തിൽ ഇത് ക്രമാനുഗതമായി പുരോഗമിച്ചിട്ടുണ്ട്. ഇന്ത്യയുമായുള്ള ഊർജ്ജ സഹകരണം വർദ്ധിപ്പിക്കാൻ നിലവിലെ ഭരണകൂടം താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

**ന്യൂഡൽഹി**

**ഒക്ടോബർ 16, 2025**